**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2016

## മൂന്ന് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും, മറ്റ് സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കും നീറ്റ് റാങ്കിനെ ആസ്പദമാക്കിയുള്ള അലോട്ട്മെന്റ്

**Karuna Medical College, Vilayodi, Palakkad, Kannur Medical College, Anjarakandy, KMCT Medical College, Mukkom, Kozikkode** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) 2016 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ **Malabar Medical College Hospital & Research Centre, Modakkallur P O, Atholi (via), Kozhikkode, Believers Church Medical College Hospital, Kuttampuzha, Thiruvalla, Pathanamthitta** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിവുവന്ന എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും, **Pariyaram Dental College, Pariyaram, Kannur, Amritha Institute of Medical Sciences, Kochi**, മറ്റ് **7** സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ എന്നിവയിൽ ഒഴിവുവന്ന ബി.ഡി.എസ് സീറ്റുകളിലേയ്ക്കും നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) 2016 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സീറ്റുകളിൽ പ്രവേശനത്തിന് താൽപര്യമുള്ളതും, നീറ്റ് 2016 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **04.10.2016** (ചൊവ്വാഴ്ച), **05.10.2016** (ബുധനാഴ്ച) എന്നീ ദിവസങ്ങളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. മേൽ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **"Registration based on NEET Rank"** എന്ന ലിങ്കിലൂടെ വിദ്യാർത്ഥികൾ ഓൺലൈനായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അപേക്ഷാർത്ഥികൾ അവരുടെ വ്യക്തിഗത വിവരങ്ങളും, നീറ്റ് റാങ്ക് സംബന്ധിച്ച വിവരങ്ങളും ഓൺലൈനായി നൽകേണ്ടതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്യാത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**05.10.2016** വൈകുന്നേരം **5** മണി വരെ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സാധ്യതാ പട്ടിക **05.10.2016** ന് രാത്രി **8** മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പട്ടിക സംബന്ധിച്ച് എന്തെങ്കിലും അക്ഷേപമുള്ളവർ ആയത് **06.10.2016** വൈകുന്നേരം **5** മണിയ്ക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഇ–മെയിൽ/ഫാക്സ് മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ച ശേഷം അന്തിമ പട്ടിക **06.10.2016** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോളേജുകളിലേയ്ക്കുള്ള പ്രവേശനം **07.10.2016 (വെള്ളിയാഴ്ച) രാവിലെ 9 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് സ്പോട്ട് അഡ്മിഷൻ വഴി നടത്തുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത ഫീസ്, പ്രവേശന യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ എന്നിവ സഹിതം രക്ഷകർത്താവുമൊന്നിച്ച് സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ നടപടികൾക്കായി ബന്ധപ്പെട്ട കോളേജ് അധികൃതർ സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കും.

ഫീസ് നിരക്ക്, ഓരോ കോളേജിലും വിവിധ കാറ്റഗറികൾക്ക് ലഭ്യമായ സീറ്റുകൾ സംബന്ധിച്ച വിവരം എന്നിവ ഉൾപ്പെടുന്ന വിശദമായ വിജ്ഞാപനം **04.10.2016** ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ

(i) പ്രവേശനം ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും, പലിശ രഹിത നിക്ഷേപവും സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

(ii) ഇപ്പോൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കണമെങ്കിൽ അവർ പ്രോസ്പെക്ടസ്/വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സ്പോട്ട് അഡ്മിഷന് ഹാജരാകാവുന്നതാണ്.

(iii) പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴിയോ അല്ലാതെയോ സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ലായെന്നു കാണിക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (**No Objection Certificate**), യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

(iv) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളും, സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളും വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(v) സ്പോട്ട് അലോട്ട്മെന്റിന് വിദ്യാർത്ഥികൾ നേരിട്ട് രക്ഷകർത്താവുമൊത്ത് ഹാജരാകേണ്ടതാണ്.

(vi) വിവിധ സംവരണ വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിന് താഴെപറയുന്ന രേഖകളുടെ അസ്സൽ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

| | | |
|---|---|---|
| സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗം (SEBC) | – | വില്ലേജ് ഒഫീസറിൽ നിന്നുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് |
| പട്ടികജാതി/പട്ടിക വർഗ്ഗം (SC/ST) | – | തഹസീൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് |
| മുസ്ലീം മൈനോരിറ്റി ക്വാട്ട | – | വില്ലേജ് ഒഫീസറിൽ നിന്നുള്ള നോൺ ക്രീമിലെ യർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റ് |

എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള KEAM 2016 കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ സംവരണാനുകൂല്യത്തിന് പുതുതായി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ അവർ KEAM 2016 ഡാറ്റാ ഷീറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(vii) **NRI** ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

**കുറിപ്പ്:** ഈ അഡ്മിഷൻ നടപടികൾ ബഹു. സുപ്രീം കോടതിയിലും ബഹു. കേരള ഹൈക്കോടതിയിലും നിലവിലുള്ള വിവിധ കേസുകളിന്മേലുള്ള അന്തിമ തീർപ്പിനു വിധേയമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
03.10.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**